പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

87 [3601] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
„ *പി. ജയരാജൻ:*
„ *കെ. വി. കുഞ്ഞിരാമൻ:*
„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഫലമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടാശ്വാസ പദ്ധതിയിനത്തിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകാനുള്ള തുക എത്രയാണ്;

(സി) ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധികൂടി കണക്കിലെടുത്ത് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നൽകാനുള്ള തുക അടിയന്തിരമായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) നിയമത്തിൻകീഴിൽ കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തെ പലിശയിളവ് ആനുകൂല്യമായി 13.99 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന സംഘങ്ങളുടെ 12.41 കോടി രൂപയുടെ അപേക്ഷ പരിഗണനയിലാണ്.

കൂടാതെ 23-1-2004 മുതൽ ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യമായി 25 കോടി രൂപ അനുവദിച്ചതിൽ 18 കോടി രൂപ വയനാട് ജില്ലയിലെ സംഘങ്ങൾക്ക് പ്രത്യേക പാക്കേജായി അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയ്ക്കായി പ്രഖ്യാപിച്ച അഞ്ച് വർഷത്തെ പലിശയിളവ് ആനുകൂല്യത്തിൽ 1-4-2001 മുതൽ 31-3-2004 വരെയുള്ള മൂന്ന് വർഷത്തെ പലിശയിളവ് ആനുകൂല്യമായി 28.18 കോടി രൂപ വരെ നൽകാനുണ്ട്. മറ്റ് ജില്ലകളുടെ 123.09 കോടി രൂപയുടെ അപേക്ഷ പരിഗണനയിലാണ്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക കാർഷികേതര വായ്പകൾക്ക് പലിശ കുറയ്ക്കാൻ നടപടി

88 [3602] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ *ജോസഫ് എം. പുതുശ്ശേരി:*
„ *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽനിന്നും കാർഷിക കാർഷികേതര ലോണുകൾ എടുക്കുകയും യഥാസമയം തിരിച്ചടവിന് നിവൃത്തിയില്ലാതെ വരികയും ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ആശ്വാസം പകരുവാനും പലിശ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകി കുടിശ്ശിക സമയബന്ധിതമായി തിരിച്ചടയ്ക്കുന്നതിനുമുള്ള അവസരം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ ലഭിക്കാത്തതുമൂലം കൺസ്യൂമർ ലോൺ തുടങ്ങിയ ലോണെടുക്കാൻ നിർബന്ധിതരായിട്ടുള്ള കർഷകർക്ക് ഈ ലോണുകളുടെ പലിശനിരക്ക് ഏകീകരിക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളുമോ;

(സി) കർഷകർ ബ്ലേഡുമാഫിയകളുടെ കെണിയിൽപ്പെടാതിരിക്കാൻ സഹകരണ വായ്പാ നടപടികൾ ലളിതവും സുതാര്യവും ആക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ച, വെള്ളപ്പൊക്കം, ഭൂചലനം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ, കാർഷിക വിളകളെ ബാധിക്കുന്ന വ്യാപകമായ രോഗബാധ, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് എന്നീ കാരണങ്ങളാൽ കർഷകർക്ക് വിളനാശം/വിലത്തകർച്ച നേരിടേണ്ടിവരുന്ന അവസരങ്ങളിൽ കാർഷികാവശ്യങ്ങൾക്കായി കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ മുതലും പലിശയും യഥാസമയം തിരിച്ചടയ്ക്കുവാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത സ്ഥിതി വിശകലനം നടത്തിയശേഷം പലിശ, പിഴപ്പലിശ എന്നിവയിൽ ഇളവ്, വായ്പ റീ ഷെഡ്യൂൾ ചെയ്ത് കുടിശ്ശിക അടച്ചുതീർക്കാനുള്ള അവസരം, ഹ്രസ്വകാല മദ്ധ്യകാല വായ്പകളുടെ പരിവർത്തനം തുടങ്ങിയ ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ ലഭിക്കുന്നില്ല എന്ന പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) സഹകരണ വായ്പ നടപടികൾ ലളിതവും സുതാര്യവുമായ രീതിയിലാണ് ഇപ്പോൾ നൽകിവരുന്നത്. കർഷകർക്ക് കൂടുതൽ വേഗത്തിൽ കാർഷിക വായ്പ ലഭിക്കുന്നതിലേക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കർഷകർ മെച്ചപ്പെട്ട രീതിയിൽ ഈ പദ്ധതിയുടെ സേവനം വിനിയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly